## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5058 — 01/07/2013-ൽ മറുപടിക്ക്

## പട്ടികവർഗ്ഗക്കാർക്ക് ചികിത്സാ ധനസഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരായ നിർദ്ധന രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുന്ന എന്തെല്ലാം പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ നിലവിലുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | 1. പട്ടികവർഗ്ഗക്കാരായ നിർദ്ധന രോഗികൾക്ക് ചികിത്സാ സഹായമായി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് രോഗത്തിന്റെ ഗൗരവത്തിന്റെ അടിസ്ഥാനത്തിൽ 1,00,000/- രൂപ വരെ ചികിൽസാ ധനസഹായമായി അനുവദിക്കുന്നു.<br><br>2. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് ആരോഗ്യ വകുപ്പ് വഴി നടപ്പാക്കുന്ന പദ്ധതി യാണ് ഇത്. സംസ്ഥാനത്തെ മുഴുവൻ സർക്കാർ ആശുപത്രികളിലും സർക്കാർ മെഡിക്കൽ കോളേജുകൾ കൊച്ചി, പരിയാരം സഹകരണ മെഡിക്കൽ കോളേജ്, MCC, RCC, ശ്രീചിത്ര മെഡിക്കൽ സയൻസ് എന്നീ ആശുപത്രികൾക്ക് പദ്ധതി വിഹിതം നല്കി, പട്ടികവർഗ്ഗ രോഗികൾക്ക് ഈ പദ്ധതി മുഖേന ചികിൽസാ ചെലവ് സർക്കാർ വഹി ക്കുന്നു.<br>3. സംസ്ഥാനത്തെ ആദിവാസികളിൽ അരിവാൾ വിളർച്ച രോഗം ബാധിച്ച വർക്ക് പ്രതിമാസം 1000/-രൂപ നിരക്കിൽ സമാശ്വാസ ധനസഹായം പട്ടികവർഗ്ഗവികസന വകുപ്പ് ബാങ്ക് മുഖേന നൽകിവരുന്നു.<br>4. ഇടുക്കി, അട്ടപ്പാടി, ചാലക്കുടി എന്നിവിടങ്ങളിൽ 5 ഒ.പി. ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടങ്ങളിൽ ചികിൽസക്ക് എത്തുന്ന മുഴുവൻ പട്ടികവർഗ്ഗ ക്കാർക്കും ചികിൽസ പൂർണ്ണമായി സൗജന്യമാണ്.<br><br>5. തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് ആസ്ഥാനമായും ഇടുക്കി ജില്ലയിലും ഓരോ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. |

| | | | |
|---|---|---|---|
| | | | 6. പട്ടികവർഗ്ഗ വികസന വകുപ്പിൻെറ നിയന്ത്രണത്തിൽ സംസ്ഥാനത്ത് ആകെ 17 ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറികളും കണ്ണൂർ ജില്ലയിലെ ആറളത്ത് ഒരു ആയുർവേദ ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയിൻ കീഴിൽ എത്ര രോഗികൾക്ക് ചികിത്സാ ധനസഹായം വിതരണം ചെയ്തു; അറിയിക്കുമോ; | (ബി) | 2011-12 ൽ 17070 ഉം, 2012-13 ൽ 11711 ഉം പട്ടികവർഗ്ഗക്കാർക്ക് വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വ്യക്തിഗത ധനസഹായം നൽ കിയിട്ടുണ്ട്. |
| (സി) | ഏറനാട് മണ്ഡലത്തിലെ എത്ര അപേക്ഷകർക്ക് പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തി ചികിത്സാ ധന സഹായം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ? | (സി) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം ഏറനാട് മണ്ഡലത്തിൽ 267 പേർക്ക് ധനസഹായം നൽ കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ